**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2653** | **07-07-2022 - ൽ മറുപടിയ്ക്ക്**

**സബ് രജിസ്ട്രാർ ഓഫീസുകളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എ. രാജ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽകൃത ഓഫീസുകളായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് വഴി എന്തെല്ലാം സേവനങ്ങളാണ് പൊതു ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ഇത് വഴി താഴെ പറയുന്ന സേവനങ്ങളാണ് പൊതുജനങ്ങൾക്ക ലഭ്യമാകുന്നത്.<br><br>1. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് സൗകര്യം<br><br>2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br><br>3. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.<br><br>4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.<br><br>5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.<br><br>6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ് ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം |

| | | | |
|---|---|---|---|
| | | | 7. അപേക്ഷകർക്ക് ബാദ്ധ്യത സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം<br><br>8. സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക പൂർണ്ണമായും ഓൺലൈൻ സൗകര്യം<br><br>9. KSFE-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം<br><br>10. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം<br><br>11. ഒരു ജില്ലയ്ക്കകത്തുള്ള ഏതു സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള "Anywhere Registration സംവിധാനം<br><br>12. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം. |
| (ബി) | സബ് രജിസ്ട്രാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഓഫീസുകളെ ആധുനികവൽക്കരിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; ഇതിന്റെ ഭാഗമായി ഓഫീസുകളിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഉണ്ട്. ആയതിന്റെ ഭാഗമായി താഴെ പറയുന്ന നവീകരണ പദ്ധതികളാണ് പരിഗണനയിലുള്ളത്.<br><br>1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം<br><br>2 രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് smart contract എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം<br><br>3. ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം |

| | | | | |
|---|---|---|---|---|
| | | | | 4. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും<br><br>5. ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം<br><br>6. ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നതിനുള്ള സൗകര്യം.<br><br>7. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത<br><br>8. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഇ -ഓഫീസ് സൗകര്യം<br><br>9. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും<br><br>10. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കും<br><br>11. റവന്യൂ, സർവ്വെ എന്നീ വകുപ്പുകളുടെ കൂടി ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും, രജിസ്ട്രേഷൻ നിയമ ഭേദഗതിക്കനുസൃതമായി സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം<br><br>12. രജിസ്ട്രേഷൻ റവന്യൂ സർവ്വെ വകുപ്പുകളിൽ നിന്നുള്ള വിവിധ സേവനങ്ങൾക്ക് ഏകജാലക സംവിധാനം |

സെക്ഷൻ ഓഫീസർ